## സാഫല്യം _ഡയറ്റ് വയനാട്
## പത്താംതരം തുല്യതാ   മാതൃകാ പരീക്ഷ
## മലയാളം

ആകെ സ്കോർ 60
സമയം 2½ മണിക്കൂർ

പൊതു നിർദ്ദേശങ്ങൾ
ആദ്യത്തെ 15 മിനിട്ട് സമയം ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കണം
ഓരോചോദ്യവുമായിബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ച് മനസ്സിലാക്കി ഉത്തരമെഴുതുക
ഓരോ ചോദ്യത്തിന്റെയും സ്കോർ അതതുചോദ്യത്തിന്റെ നേരേനൽകിയിട്ടുണ്ട് .

---

1. ആനന്ദാംബുധി തന്നിൽ വീണ്ടടൻ മുഴകിനാൻ
മാനവവീരൻ വാഴ്കെന്നാശിയും ചൊല്ലിടിനാർ .
അടിവരയിട്ട പദത്തിന്റെ ശരിയായ ആശയം താഴെ കൊടുത്തവയിൽ നിന്നും എടുത്തെഴുതുക 2

◆ ആനന്ദവും അംബുധിയും.
◆ ആനന്ദമാകുന്ന അംബുധി.
◆ ആനന്ദത്തിന്റെ അംബുധി.

2. അർഥവ്യത്യാസം വരാതെ ഒറ്റവാക്യമാക്കി മാറ്റിയെടുക്കുക 2
മുനകൂർത്ത ആയുധം കൊണ്ടുള്ള കുത്തുകളായിരുന്നു ഈ വാക്കുകൾ . അവയിൽ ചിലത് എന്റെ ഉള്ളിൽ തറഞ്ഞുകയറുകയും ചെയ്തു. എങ്കിലും ആഭരണങ്ങൾ തിരിച്ചുകൊടുക്കാൻ ഞാൻ തീർച്ചപ്പെടുത്തിയിരുന്നു.

3. 'മാൻ മാർക്ക് കുട'- എന്ന വാക്യം ആദ്യമായി പണിപ്പെട്ട് കൂട്ടിവായിച്ചപ്പോൾ എന്റെ മനസ്സിൽ നിന്നൊരു ആഹ്ലാദധ്വനി വിനിർഗ്ഗളിക്കുകയുണ്ടായി.
വി.ടി .ഭട്ടതിരിപ്പാടിനെ ആഹ്ലാദഭരിതനാക്കിയ സന്ദർഭം വിശകലനം ചെയ്യുക . 4

4. ശ്രീഭ്രൂവിലസ്ഥിര-അസംശയം ഇന്നു നിന്റെ-
യാഭ്രൂതിയെങ്ങു പുനരെങ്ങു കിടപ്പിതോർത്താൻ -
[കുമാരനാശൻ]

കണ്ടുകണ്ടങ്ങിരിക്കും ജനങ്ങളെ
കണ്ടില്ലെന്നു വരുത്തുന്നതും ഭവാൻ .
[ പൂന്താനം]

വരികൾ താരതമ്യം ചെയ്ത് ജീവിതത്തിന്റെ അസ്ഥിരതയെക്കുറിച്ചുള്ള കവികളുടെ കാഴ്ചപ്പാട് അവതരിപ്പിക്കുക 4

5. രുദ്രാക്ഷ മാഹത്മ്യം ജനങ്ങളെ അറിയിക്കാൻ പറങ്ങോടൻ ഉപയോഗിച്ച തന്ത്രങ്ങൾ എന്തെല്ലാമായിരുന്നു ? 4

6. പിന്നെയൊരുനാൾ കടൽ കണ്ടു ഞാൻ !വെറും
മണ്ണിൽ കിടന്നുരുളുന്ന കാണാതായ
തൻ കുഞ്ഞിനെയോർത്തു നെഞ്ചുചുരന്നപാൽ
എങ്ങും നിലയ്ക്കാതൊഴുകിപ്പരന്നതിൽ
മുങ്ങി മരിക്കുന്നൊരമ്മയെക്കണ്ടു ഞാൻ

[ഉപ്പ് ] [ ഒ.എൻ.വി. കുറുപ്പ് ]

വരികൾ വ്യാഖ്യാനിച്ച് മാതൃത്വത്തെക്കുറിച്ചുള്ള കവി സങ്കല്പം വിശദമാക്കുക . 4

7. കാന്തനു കാന്തി കുറഞ്ഞതു കാണുമ്പോൾ
കാന്തമാർ കാന്തിയും മങ്ങുമല്ലോ ചെറുശ്ശേരി

കൃഷ്ണഗാഥയിലെ ഈ വരികളുടെ ഔചിത്യഭംഗി വിശദമാക്കുക . 4

8. 'മലകളിളകിലും മഹാജനാനാം മനമിളകാ' - സ്വദേശാഭിമാനി രാമകൃഷ്ണപ്പിള്ളയുടെ ജീവിതത്തെ ഈ വരികളുമായി എങ്ങനെ താരതമ്യം ചെയ്യാം? 4

9. സ്വർണഭൂഷണങ്ങളുമണിഞ്ഞു ശോഭയോടെ
സ്വർണമാലയും ധരിച്ചാദരാൽ മന്ദംമന്ദ-
മർണോജനേത്രൻ മുമ്പിൽ സത്രപം വിനീതയായ്
വന്നുടൻ നേത്രോല്പലമാലയുമിട്ടാൾ മുന്നേ
പിന്നാലേ വരണാർഥ മാലയുമിട്ടീടിനാൾ-

എഴുത്തച്ഛന്റെ വർണനാപാടവം ഈ വരികളിൽ തെളിയുന്നതെങ്ങനെ ? 4

10. 'മനസ്സുണ്ടെങ്കിൽ മാർഗവുമുണ്ട്'' - എന്ന ചൊല്ലിനെ കുടനന്നാക്കാനുണ്ടോ ? എന്ന കഥയുമായി ബന്ധപ്പെടുത്തി വ്യാഖ്യാനിക്കുക :- 4

**11 മുതൽ15 വരെയുള്ള ചോദ്യങ്ങളിൽ എതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക**

11 ' മാറുന്ന മലയാളി, മാറുന്ന മലയാളം ' - എന്ന വിഷയത്തെ അടിസ്ഥാനമാക്കി പ്രഭാഷണം തയ്യാറാക്കുക 6
[ വെങ്കല മലയാളം -എന്ന പാഠഭാഗത്തിലെ ആശയം ഉൾപ്പെടുത്താവുന്നതാണ്]

12. 'നെല്ലുകുത്തുകാരിപ്പാറുവിന്റെ കഥ '-എന്ന കവിതയെ അടിസ്ഥാനമാക്കി ''തൊഴിലിടങ്ങളിൽ സ്ത്രീകൾ അഭിമുഖീകരിക്കുന്ന പ്രശ്ന' ങ്ങളെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക 6

13. 'ലോകമേ തറവാടു തനിക്കീ ചെടികളും
പുൽകളും പുഴുക്കളും കൂടിത്തൻ കുടുംബക്കാർ '
[വള്ളത്തോൾ]

വരികളുടെ ആശയം 'ഭൂമിയുടെ അവകാശികൾ ' എന്ന കഥയുമായി ബന്ധപ്പെടുത്തി വിശദീകരിക്കുക 6

14. 'ആൾക്കൂട്ടത്തിൽ ഒറ്റപ്പെടുന്ന മനുഷ്യന്റെ മൗലിക പ്രശ്നങ്ങളും അവൻ ഏകാന്തതയിൽ അനുഭവിക്കുന്ന ജീവിതവുമാണ് എം.ടി അവതരിപ്പിക്കുന്നത്- '
'ഇരുട്ടിന്റെ ആത്മാവ് ' എന്ന തിരക്കഥയെ അടിസ്ഥാനമാക്കി പ്രസ്താവന വിശകലനം ചെയ്യുക. 6

15. അപരിചിതന്റെ സംഭാഷണം ഒരു കൊലക്കയറിനെപ്പോലെ വെള്ളായിയപ്പന്റെ കഴുത്തിൽ ചുറ്റിമുറുക്കി.
അപരിചിതരുടെ സ്വരങ്ങൾ കഴുത്തിനുചുറ്റും പിരിഞ്ഞുമുറുക്കി.
കടൽത്തീരത്ത്

കഥാസന്ദർഭങ്ങൾ പരിഗണിച്ച് വെള്ളായിയപ്പന്റെ മാനസികാവസ്ഥ വിശദമാക്കുക 6